
⇨ *സ്വാർത്ഥലാഭത്തിനായി അംബാനിമാർ എങ്ങനെയാണ് ദേശീയ നയങ്ങളെ വളച്ചൊടിച്ചത്* ⇨




"ഒരു പാലമിട്ടാൽ അങ്ങോട്ടും ഇങ്ങോട്ടും" എന്ന ശൈലി റിലയൻസിന്റെ ശൈലി കഴിഞ്ഞ കുറേ ദശാബ്ദങ്ങളായി അവരെ പിന്തുടർന്നവർക്കൊക്കെ അറിയാവുന്നതാണ്. തെരഞ്ഞെടുപ്പുകാലത്തെ രാഷ്ട്രീയ പാർട്ടികൾക്കുള്ള സംഭാവനകളിലാണ് ഇത് പ്രത്യേകിച്ചും പ്രതിഫലിക്കുന്നത്.

ഇനി നല്ല കാലമുണ്ടാകുമെന്ന വാഗ്ദാനവുമായി പുതിയ സർക്കാർ അധികാരത്തിൽവന്ന ഈ സമയത്ത് 'വാതകയുദ്ധങ്ങൾ: മുതലാളിത്തവും അംബാനിമാരും' എന്ന പുസ്തകം വായിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പത്രപ്രവർത്തകനും ചലച്ചിത്രകാരനുമായ പരഞ്ജോയ് ഗുഹാ താകുർത്താ, സുബിർഘോഷ്, ജ്യോതിർമയി ചൗധുരി എന്നിവർ ചേർന്നെഴുതിയ ഈ പുസ്തകം കൃഷ്ണാ ഗോദാവരി തടത്തിലെ (കെ.ജി ബേസിൻ) പ്രകൃതിവാതക നിക്ഷേപത്തിന് മേൽ നിയന്ത്രണം നേടിയെടുക്കുന്നതിനായി അംബാനിമാർ നടത്തിയ ഇടപെടലുകളെക്കുറിച്ചാണ് വിശദീകരിക്കുന്നത്.

## 'വാതകയുദ്ധങ്ങൾ: മുതലാളിത്തവും അംബാനിമാരും'

# റിലയൻസ് സർക്കാറിനെ വിലയ്ക്കെടുത്തതിന്റെ കഥകൾ

ചങ്ങാത്ത മുതലാളിത്തത്തിന്റെ കാലത്ത് സർക്കാറും കോർപ്പറേറ്റുകളും തമ്മിൽ രൂപീകരിക്കുന്ന രഹസ്യധാരണകൾ എങ്ങനെയാണ് വിഭവചൂഷണത്തിന് കാരണമാകുന്നതെന്ന് റിലയൻസും സർക്കാറുകളും തമ്മിൽ നടന്ന ഇടപാടുകളുടെ അടിസ്ഥാനത്തിൽ വിവരിക്കുന്ന, 'വാതകയുദ്ധങ്ങൾ: മുതലാളിത്തവും അംബാനിമാരും' എന്ന അടുത്തിടെ പുറത്തിറങ്ങിയ പുസ്തകത്തെക്കുറിച്ച്

**സുചേതാ ദലാൽ**

മണിലൈഫിന്റെ മാനേജിങ് എഡിറ്ററായ സുചേത ദലാൽ വളരെ പ്രശസ്തയായ ബിസിനസ്സ് പത്രപ്രവർത്തകയാണ്.
പരിഭാഷ: അജിതൻ

2014 ഏപ്രിൽ 15ന് പ്രകാശനം ചെയ്ത 'വാതകയുദ്ധങ്ങൾ' ഏറെ ഗവേഷണങ്ങൾക്ക് ശേഷം, വിവിധ വീക്ഷണങ്ങളെ ധൈര്യപൂർവ്വം സംയോജിപ്പിച്ചിട്ടുള്ള പുസ്തകമാണ്. സമ്മർദ്ദത്തിനു വഴിപ്പെടാവുന്ന പ്രസാധകരെ (വക്കീൽ നോട്ടീസ് വന്നപ്പോൾ സഹാറയെപ്പറ്റിയും എയർ ഇന്ത്യയെപ്പറ്റിയുള്ള പുസ്തകങ്ങൾ പിൻവലിക്കപ്പെട്ടിട്ടുണ്ട്) ഒഴിവാക്കി പുസ്തകം സ്വന്തമായി പ്രസാധനം ചെയ്യാനും പരഞ്ജോയ് ശ്രദ്ധിച്ചു. ഇന്ത്യയുടെ ബിസിനസ്സ് ചരിത്രത്തിന് ഒരുമുതൽ കൂട്ടാണ് 'വാതകയുദ്ധങ്ങൾ'. വിവിധ സർക്കാരുകളുടെ ഒത്താശയോടെ റിലയൻസ് സാധ്യമാക്കിയ സാമ്രാജ്യത്വത്തെ പുസ്തകം തുറന്നുകാട്ടുന്നു.

ആസ്ട്രേലിയൻ ജേർണലിസ്റ്റായ ഹാമിഷ് മക്ഡോണാൾഡ് എഴുതിയ, റിലയൻസിന്റെ കോർപ്പറേറ്റ് ചതികൾ വെളിപ്പെടുത്തുന്ന 'പോളിസ്റ്റർ പ്രിൻസ്' എന്ന പുസ്തകം കീഴ്ക്കോടതിയിൽ നിന്നുണ്ടായ ഇടപെടൽ മൂലം 1998ൽ ഇന്ത്യയിൽ നിരോധിക്കപ്പെട്ടിരുന്നു. ആ പുസ്തകത്തിൽ വിശദീകരിച്ച സംഗതികളെ വീണ്ടും സ്പർശിക്കുന്നുണ്ടെങ്കിലും പരഞ്ജോയ് മിക്കവാറും കേന്ദ്രീകരിച്ചിരിക്കുന്നത് സ്വാർത്ഥ ലാഭത്തിനു വേണ്ടി അംബാനിമാർ എങ്ങനെയാണ് ദേശീയ നയങ്ങളെ വളച്ചൊടിച്ചത് എന്നതിലാണ്. അരുൺ ഷൂരിയെപ്പോലുള്ള അംബാനിയുടെ തീവ്ര വിമർശകർ പോലും മറുകണ്ടം

➩ *ദേശീയ ട്രഷറിക്ക് ലഭിക്കാനിടയുള്ള വരുമാനം കുറച്ചുകൊണ്ടുള്ള ഈ കരാർ വികലമാണെന്ന് സി.എ.ജി* ➩

ചാടി, പെട്രോകെമിക്കൽസ് ബിസിനസ്സിന്റെ കുത്തക പിടിച്ചെടുക്കാൻ അംബാനിയുടെ സഹായത്തിനെത്തി.

മുൻ എൻ.ഡി.എ സർക്കാരിൽനിന്ന് ഇന്ത്യൻ പെട്രോകെമിക്കൽ കോർപ്പറേഷൻ പോലുള്ള ഒരു വമ്പനെ റിലയൻസിന് എങ്ങനെയാണ് ഏറ്റെടുക്കാനായതെന്നും എത്രയെത്ര ഉല്പന്നങ്ങളുടെ കുത്തക നേടാനായെന്നും പുസ്തകം വിവരിക്കുന്നു. ഭാരത് പെട്രോളിയത്തിനെയും ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ചില ഭാഗങ്ങളെയും സ്വകാര്യവൽക്കരിക്കുന്നതിലേക്ക് സർക്കാർ തീരുമാനത്തെ മാറ്റാൻ റിലയൻസ് വിജയിച്ചു. ഒരു കോടതി ഉത്തരവ് വഴി അതു തടഞ്ഞില്ലായിരുന്നെങ്കിൽ സബ്സിഡി നിരക്കിലുള്ള പെട്രോളിയം ഉല്പന്നങ്ങളുടെ റീട്ടെയിൽ വില്പനാവകാശവും റിലയൻസിന് ലഭിക്കുമായിരുന്നു.

2009ൽ നടത്തിയ ഒരു പ്രധാനപ്പെട്ട അഭിമുഖത്തിൽ അന്തരിച്ച സുബിർ റാഹ എന്ന എണ്ണ പ്രകൃതിവാതക കോർപ്പറേഷന്റെ മുൻ ചെയർമാൻ പരഞ്ജോയ്‌യോടു പറഞ്ഞത്, തുടർന്നുവന്ന സർക്കാരുകളൊക്കെ, പ്രകൃതി വാതകവും ധനിജങ്ങളും സംരക്ഷിക്കുന്നതിൽ പരിജയപ്പെട്ടു എന്നാണ്. രാജ്യത്തെ ഏറ്റവും വലിയ ബോക്സൈറ്റ് നിക്ഷേപം സ്വകാര്യവൽക്കരിക്കപ്പെട്ടു. വിദേശത്ത് അസ്ഥാനമുള്ള വേദാന്ത ഗ്രൂപ്പിന്റെ ഉടമസ്ഥതയിലാണ് അതിപ്പോൾ. ഉല്പാദന പങ്കാളിത്തകരാറിനെ അടിസ്ഥാനമാക്കിയുള്ള വാതക വിലയെ സംബന്ധിച്ച തർക്കങ്ങൾ പെട്രോളിയം മന്ത്രാലയം മനഃപൂർവ്വം സൃഷ്ടിച്ചതാണെന്ന് റാഹ ഉറച്ചു വിശ്വസിക്കുന്നു. മന്ത്രാലയവും പെട്രോളിയം നിയന്ത്രണ സംവിധാനവും അമ്പാനിശിങ്കിടികളാൽ നിറഞ്ഞതുകൊണ്ട് (അനിൽ അമ്പാനി ആരോപിക്കുന്നതുരോലെ) അവർ മുകേഷ് അമ്പാനിക്കുവേണ്ടി പണിയെടുക്കാൻ ബാദ്ധ്യസ്ഥമാണ്.

റിലയൻസ് സഹോദരൻ തമ്മിലുള്ള വിഴുപ്പലക്കാൻ പുറത്തുകൊണ്ടുവന്നത്, റിലയൻസും മന്ത്രിമാരും സർക്കാർ ഉദ്യോഗസ്ഥരും തമ്മിലുള്ള അനവധി കൊള്ളക്കഥകളാണ രഹസ്യ ബന്ധങ്ങളാണ്. 2010 ലെ ഒരു സുപ്രീംകോടതിവിധിയോടെ മുകേഷും അനിലും തമ്മിലുള്ള തർക്കം അവസാനിപ്പിച്ചെങ്കിലും കൃഷ്ണാ ഗോദാവരി തടത്തിൽ എത്രത്തോളം നിക്ഷേപമുണ്ടെന്ന സത്യം അതോടെ കുഴിച്ചുമൂടപ്പെട്ടേനെ. പക്ഷേ പലകാരണങ്ങളാൽ അതുപൊതുധാരയിലേക്കു കടന്നുവന്നു. ഒന്നാമതായി ഹൈഡ്രോകാർബൺ ഉല്പന്ന പങ്കാളിത്ത കരാറിനെക്കുറിച്ച് കണ്ട്രോൾ ആന്റ് ആഡിറ്റർ ജനറൽ (സി.എ.ജി) ഒരു ഉഗ്രൻ റിപ്പോർട്ട് തന്നെ പുറത്തിറക്കി. പല മന്ത്രിമാരുടേയും ഓഫീസ് മേലധികാരികളുടേയും സഹായത്തോടെ റിലയൻസ് അതിഭീമമായ ലാഭമുണ്ടാക്കിയെന്ന് പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. മൂലധനച്ചെലവ് കൂട്ടിക്കാണിച്ച് ദേശീയ ട്രഷറിക്ക് ലഭിക്കാനിടയുള്ള വരുമാനം കുറച്ചുകൊണ്ടുള്ള ഈ കരാർ വികലമാണെന്ന് സി.എ.ജി ആരോപിക്കുന്നു.

അന്തർദേശീയ എണ്ണവിലകൾ നാടകീയമായി പെരുകിയപ്പോൾ (ബാരലിന് 100 ഡോളറിലധികം) കെ.ജി ബേസിനിൽ ചില രസകരങ്ങളായ സംഭവങ്ങളുണ്ടായി. നമ്മെ സ്വയംപര്യാപ്തമാക്കാൻ കഴിയുന്ന ഇന്ത്യയുടെ വാതകനിക്ഷേപം അകാരണമായി ചുരുങ്ങാൻ തുടങ്ങി. ഒപ്പം ഉന്നത കേന്ദ്രങ്ങളിൽ സമ്മർദ്ദം ചെലുത്തി വാതകവില അന്തർദേശീയ തലത്തിലേക്കു വർദ്ധിപ്പിക്കാനും റിലയൻസ് ശ്രമം തുടങ്ങി. വിലവർദ്ധിപ്പിക്കാനുള്ള ആവശ്യത്തിന് അനുകൂലമായും പ്രതികൂലമായും നിരവധി ആരോപണങ്ങളുണ്ടായി. അതിൽ പ്രധാനപ്പെട്ടത് റിലയൻസിന്റെ ഭാഗത്തുനിന്നുതന്നെയാണുണ്ടായത്. ഇറക്കുമതി മൂലം ഞങ്ങൾ ഇപ്പോൾത്തന്നെ ഉയർന്ന വിലയാണ് നൽകുന്നതെന്നും ഇത് അന്താരാഷ്ട്രകമ്പനികൾക്കാണ് ഗുണപ്പെടുകയെന്നും വിദേശനാണ്യം നഷ്ടപ്പെടുന്നുവെന്നുമായിരുന്നു അത്. ചുരുക്കത്തിൽ, റിലയൻസ് മനപൂർവ്വം കെ.ജി തടത്തിലെ സ്രോതസ്സുകൾ കുറച്ചുകാണിച്ചു. ആഭ്യന്തരവാതക വില വർദ്ധിപ്പിച്ചാൽ മാത്രമേ എണ്ണക്കിണറുകൾ മുഴുവൻ രഹസ്യമായോ പരസ്യമായോ അവർ ഉപയോഗപ്പെടുത്തുകയുള്ളൂ.

2014 ഏപ്രിലിൽ കോൺഗ്രസ്സ് നേതൃത്വത്തിലുള്ള യു.പി.എ സർക്കാർ വാതകവില ഇരട്ടിയാക്കാൻ തയ്യാറെടുത്തതാണ്. അപ്പോഴേക്കും ഇലക്ഷൻ പ്രഖ്യാപിച്ചതിനാൽ തെരെഞ്ഞെടുപ്പുകമ്മീഷന്റെ ഉത്തരവുപ്രകാരം അത് മരവിപ്പിച്ചു എന്നു മാത്രം. പുതിയ സർക്കാരിന് എടുക്കാനുള്ള പ്രധാനപ്പെട്ട തീരുമാനം ഇതായിരിക്കും. ആ തീരുമാനം എന്തായാലും അത് വിവാദങ്ങൾക്ക് തുടക്കമിടും എന്നുറപ്പ്. റിലയൻസിനും മുകേഷ് അംബാനിക്കും വരുന്ന അഞ്ചുവർഷത്തേക്ക് സർക്കാർ നയങ്ങളിൽ എത്രത്തോളം സ്വാധീനമുണ്ടാകും എന്നതിന് തെളിവായിരിക്കും ഈ സംഭവം.

നിങ്ങളുടെ രാഷ്ട്രീയ ചായ്‌വ് എന്തായിരുന്നാലും തുറന്നമനസ്സോടെ 'വാതക യുദ്ധങ്ങൾ' വായിക്കുന്നത് നന്നായിരിക്കും. പുതിയ സർക്കാരിനെ വിലയിരുത്താൻ അതുപകരിക്കും. മുതലാളിത്തവും രാഷ്ട്രീയ-വ്യവസായിക അച്ചുതണ്ടും കൂടുതൽ വേഗത്തിൽ അഭിവൃദ്ധിപ്പെടുന്നത് ഇന്ത്യയെ പുറകോട്ടു വലിക്കുമെന്ന് നിങ്ങൾക്ക് ബോധ്യപ്പെടും. ■